Edited with the trial version of
Foxit Advanced PDF Editor
To remove this notice, visit:
www.foxitsoftware.com/shopping



# ഭ്രാന്ത്



''മാധവനുണ്ണിക്ക് ഭ്രാന്താണ്.... മുഴു ഭ്രാന്ത്.''

അത് കേട്ട് ആരും ചിരിച്ചില്ല. പ്രത്യേകിച്ച് ആർക്കും ഒരു ഭാവ ഭേദവും ഉണ്ടായില്ല. അതങ്ങനെയാണ്. എല്ലാവരും അത് അംഗീകരിച്ചതു പോലെ...... മാധവനുണ്ണിക്ക് ഭ്രാന്ത്.

പെണ്ണുങ്ങളുടെ കുളിക്കടവിൽ, വായനശ്ശാലയുടെ തട്ടിൻ പുറം, ബുദ്ധിജീവികളുടെ ചീട്ടുകളി സംഘം...അതങ്ങനെ സാവധാനത്തിൽ ഒഴുകികൊണ്ടേയിരുന്നു.
മാധവനുണ്ണിക്ക് ഭ്രാന്ത്..

മാധവനുണ്ണി മാത്രം ഒന്നും മിണ്ടിയില്ല. കേട്ടെന്നാൽ ഒന്ന് ചിരിക്കുക മാത്രം ചെയ്യും. തെക്ക് വശത്തായി കിഴക്കോട്ട് തുറക്കുന്ന മുറിയാണ് മാധവനുണ്ണിയുടെത്. ജീർണ്ണിച്ച്, നിലം പൊത്താറായ ആ നാലുകെട്ടിലെ വിശേഷപ്പെട്ട മുറിയാണത്. എന്താണെന്നറിയില്ല മാധവനുണ്ണിക്ക് എന്നും അത് പ്രിയപ്പെട്ടതാണ്. മാറാലകെട്ടി പൊടി തിങ്ങിനിൽക്കുന്ന ഇടുങ്ങിയ മുറി. പലപ്പോഴും മുഴിഞ്ഞ ജുബ്ബയുടെ വളിപ്പ് ഗന്ധം അവിടെ തങ്ങിനിൽപ്പുണ്ടാവും. ഭിത്തിയിൽ തൂങ്ങുന്ന കാൾ മാക്സിന്റെ എണ്ണഛായാ ചിത്രം. ആ കണ്ണുകളിലേക്ക് നോക്കി മാധവനുണ്ണി ഗൂഢമായി ചിരിക്കും പിന്നെ അത് പുഞ്ചിരിയാകും. പിന്നങ്ങോട്ട് ചിരിയാണ്..... നിലയാക്കാത്ത ചിരി.

എഴുത്തിന്റെ ലഹരി പിടിമുറുക്കുമ്പോൾ മാധവനുണ്ണി മുറിക്ക് പുറത്തിറങ്ങാറേയില്ല. എഴുതുക എന്നത് അയാളെ സംബന്ധിച്ച് ലഹരിക്കും അപ്പുറത്താണ്. ചിലപ്പോൾ അധിക നേരം ഇരുന്നെഴുതും, മറ്റു ചിലപ്പോൾ പുലരും വരെ ഉറങ്ങും. രാമായണ മാസങ്ങളിലെ ഉച്ചത്തിലുള്ള പാരായണം മാധവനുണ്ണിയുടെ എഴുത്തിനെ തടസ്സപ്പെടുത്താറാണ് പതിവ്. ആ സമയങ്ങളിൽ അയാൾ എഴുത്തിനെ പാടെ ഉപേക്ഷിക്കും. ആദ്യ കാമുകിയെ പോലെയാണെന്നാണ് മാധവനുണ്ണി ആ പ്രക്രിയയെ വിശേഷിപ്പിക്കാറ്. പിന്നെ ചിത്രമെഴുത്തിനോടാണ് പ്രണയം. തീക്ഷണ വർണ്ണങ്ങളോടാണ് എന്നും ഇഷ്ട്ടം. ക്യാൻ വാസിൽ കോറിയിടുന്ന ഇത്തരം ചിത്രങ്ങളെ പലരും മോഡേണാർട്ട് എന്ന് വിളിക്കാറുണ്ട് അതിനോടൊക്കെ മാധവനുണ്ണിക്ക് വിയോജിപ്പാണ്. അത്തരം ചിത്രങ്ങൾ ചിത്രകാരന്റെ അക്ഷമയുടെ പ്രതിഭലനങ്ങളാണെന്നാണ് അയാളുടെ അഭിപ്രായം.

കിഴക്കോട്ട് തുറക്കുന്ന മുറി മാധവനുണ്ണിക്ക് പ്രിയപ്പെട്ടതാണല്ലോ. എങ്കിലും, ആരെങ്കിലും അതിൽ കടക്കുന്നതോ, ആരും തന്നെ അതിൽ കയറുവാനോ ധൈര്യപ്പെട്ടില്ല. മാധവനുണ്ണി പുറത്തു പോകുന്ന ചില സമയങ്ങളിൽ ഇടയ്ക്ക് രാധു (അനുജന്റെ ഭാര്യ) കയറാറുണ്ട്. ഇതറിയുമ്പോൾ മാധവനുണ്ണിക്ക് കലികയറും. എങ്കിലും അലക്കി തേച്ച്, ചുളിയാതെ ഹാംങ്കറിൽ തൂക്കിയിട്ടിരിക്കുന്ന തന്റെ നീളൻ ജുബ്ബ കാണുമ്പോൾ അയാളുടെ കലി താനെ ഇറങ്ങും. ഉടവു പറ്റാത്ത ആ നീളൻ ജുബ്ബയുടെ ഇടതു ഭാഗത്തേക്ക്

Edited with the trial version of
Foxit Advanced PDF Editor
To remove this notice, visit:
www.foxitsoftware.com/shopping



ചെവിചേർത്തു വച്ച് മാധവനുണ്ണി പറയും ഇവിടെ എന്റെ ഹൃദയത്തിന്റെ മിടിപ്പു കേൾക്കാം.

ചിലപ്പോഴൊക്കെ അമ്മൂട്ടിയുടെ ഇടപെടൽ മാധവനുണ്ണിയെ പൊട്ടിത്തെറിപ്പിക്കും അമ്മൂട്ടി വലിയ കുസൃതിയണ് വെക്കേഷന് ഇളയ പെങ്ങൾ വീടിൽ നിർത്തിയിട്ട് പോയതാണ്.

എന്തോ, മാധവനുണ്ണിയെ അവൾക്ക് വലിയ പേടിയാണ്. അടുത്തേക്ക് വരാറെയില്ല. അത് അറിഞ്ഞു കൊണ്ട് തന്നെ മാധവനുണ്ണി ചോക്ളേറ്റിന്റെ രൂപത്തിൽ ചില വശ്ശീകരണ പൊതികൾ നീട്ടും എങ്കിലും അവൾക്ക് പേടിയാണ്. എഴുത്ത് മേശയ്ക്ക് അപ്പുറം പുറത്തേക്ക് തുറക്കുന്ന ജനൽ പടിയിൽ പിടച്ച് അവളങ്ങനെ നിൽക്കും. അവളുടെ ഉണ്ടക്കണ്ണുകളിൽ എപ്പോഴും സംശയങ്ങളുടെ തിരയിളക്കങ്ങൾ കാണാം. എല്ലാം ചിത്രങ്ങളെ കുറിച്ചാണ്. ഈ അടുത്തിടയായുള്ള സംശയം മദർ തെരേസയുടെ പോട്രൈറ്റിലെ കണ്ണുകളെ കുറിച്ചാണ്.

ഒരിക്കൽ തെല്ലു പേടിയോടെ അവൾ മാധവനുണ്ണിയോട് ചോദിച്ചു:

അങ്കിളിന്ന് ഭ്രാന്താന്നോ?

മാധവനുണ്ണി ഒരു ചെറു ചിരിയോടെ അവളെത്തന്നെ നോക്കിയിരുന്നു.

എല്ലാവരും പറയണ് അങ്കിളിന്ന് ഭ്രാന്താന്ന്. അതാണത്രെ ഈ താടീം, മുടീം നീട്ടി വളർത്തണത്. അവൾ അതും പറഞ്ഞ് അകത്തേക്ക് ഓടിപ്പോയി. ശരിയാണ് താടിയും, മുടിയും കുറച്ചധികം വളർന്നിരിക്കുന്നു. നര പടരാത്തത് ഭാഗ്യം.

പടിപ്പുരയ്ക്കപ്പുറം പരന്നു കിടക്കുന്ന വയലുകളാണ്. വയലോരത്തെ നീണ്ട നട വഴി, അതങ്ങനെ വളഞ്ഞു പുളഞ്ഞ്....വായനശ്ശാലയുടെ മുന്നിലൂടെ...

വായന മാധവനുണ്ണിക്ക് ഹരമാണ്. ഇടദിവസ്സങ്ങളിലെ വൈകുന്നേരങ്ങൾ വായനയ്ക്ക് വേണ്ടി മാറ്റിവയ്ക്കാറുണ്ട്. നടവഴിക്കിരുവശവും പണിക്കാരുടെ കുടിലുകളാണ്. കൊച്ചുനീലാണ്ടനും, ചീരപ്പെണ്ണിനും അയാൾ കൊച്ചമ്പ്രാനാണ്. പിൻ തലമുറക്കാർ സാറേന്ന് വിളിക്കും.

വൈകുന്നേരങ്ങളിലെ മാധവനുണ്ണിയുടെ നടപ്പ് അല്പ്പം രസമാണ്. കൈകൾ നീട്ടിവീശി ശരീരം ഇളക്കി...ഹൃദയ പേശികളെ ഉണർത്തി ഹൃദയ താളത്തെ നിയന്ത്രണത്തിലാക്കേണ്ടത് ഇപ്പോൾ അത്യാവശ്യമാണെന്നാണ്. ആന്റണി ഡോക്ടറുടെ അഭിപ്രായം. ഇടയ്ക്കിടയ്ക്കുള്ള കൊച്ചമ്പ്രാന്റെ ഈ പോക്ക് അവരെ ചിരിപ്പിക്കാറുണ്ട്. ഓലമേഞ്ഞ്, ഇല്ലിക്കമ്പുകൾ പാകിയ ജനലുകൾക്കപ്പുറത്ത് എണ്ണകറുമ്പികൾ പിറുപിറുക്കും

എങ്ങനെ നടന്ന മനുഷ്യേനാ...

പ്രകാശം വായനശ്ശാലയുടെ എട്ടാമത് വാർഷിക യോഗത്തിലാണ് മാധവനുണ്ണിയുടെ ആദ്യ പുസ്തകം പ്രസിദ്ധീകരിച്ചത്. പുസ്തക പ്രകാശനയോഗത്തിൽ മാധവനുണ്ണി ഇങ്ങനെ പറഞ്ഞു:

‘‘അംഗീകാരം കലാകാരനെ സന്തോഷിപ്പികുകയും അവനെ പൊങ്ങച്ചക്കാരനാക്കുകയും ചെയ്യുന്നു. അവൻ അതിന്റെ പരമ്മോന്നത പദവിയിലിരുന്ന് കീഴാളന്മാരെ വെറുക്കുകയും അവരുടെ സംസ്കാര ശൂന്യതയെ പൊക്കിപ്പിടിക്കുകയും ചെയ്യുന്നു. അവൻ....’’ മാധവനുണ്ണി പിന്നെയും പറഞ്ഞുകൊണ്ടേയിരുന്നു. ഇതുകേട്ട് ചിലർ നെറ്റി ചുളിച്ചു. മാധവനുണ്ണിയെ അടുത്തറിയാവുന്നവർ പിറു പിറുത്തു.

Edited with the trial version of
Foxit Advanced PDF Editor
To remove this notice, visit:
www.foxitsoftware.com/shopping



തൊഴിലാളികളുടെ സമര പന്തലിനു നടുവിൽ, അലക്കു കാരികളുടേയും, ബുദ്ധി ജീവികളുടേയും നടുവിൽ മാധവനുണ്ണിയുടെ പുസ്തകത്തിനു ചിറകു മുളച്ചു തുടങ്ങി.... പാലുകാരന്റെ മകൾ പുസ്തകം ഉറക്കെ വായിക്കുകയാണ് (അവളാണ് ഗ്രാമത്തിലെ പഠിപ്പുകാരി) അവൾ വായിച്ചു തുടങ്ങി....

''പേറ്റു നോവുകൾക്കൊടുവിൽ അവൾ മതങ്ങളെയും, ജാതികളെയും, വർഗ്ഗീയതയേയും പെറ്റു. പെറ്റു വീണ അവർ വളർന്ന് അവളുടെ പൊക്കിൾ ചുഴിയിൽ തുപ്പുകയും, അടി ഉടുപ്പുകൾ പിച്ചി ചീന്തുകയും ചെയ്തു. പിന്നീട് അവർ....''

ഗ്രാമം മൂക്കത്ത് വിരൽ വച്ചു.

''ഇത് ഭ്രാന്തു തന്നെ..ഇല്ലേൽ ഇങ്ങനൊക്കെ എഴുതുവോ?'' ഉണ്ണിനായർ ചിരിച്ചു.

''അപ്പോ..നിങ്ങളറിഞ്ഞില്ലേ..? ഇക്കൊല്ലം സാഹിത്യ അവാർഡൊക്കെ നമ്മുടെ കൊച്ചമ്പ്രാനാണെന്നാ പറയണത്..കലികാലം അല്ലാണ്ടെന്താ...''

''എന്തോ കിട്ടിയാലെന്നാ...ഭ്രാന്താന്നേ ചങ്ങലക്കിടണം...അല്ലാണ്ട് ഇങ്ങനെ ഇറക്കി നടത്താന്നു വച്ചാ...''

ഗ്രാമവും, ബുദ്ധിജീവികളും പിറുപിറുത്തു.

മാധവനുണ്ണിക്കു ചുറ്റും പ്രസാധകൻമാർ കാക്കകളെപോലെ പറന്നു.

അവർ കൊക്കുകളിലെ പണസഞ്ചികൾ താഴേയ്ക്ക് ഇട്ടു. അവർ ഉറക്കെ പറഞ്ഞു:

''ഇത് പ്രപഞ്ച സത്യം....ഇത് ലോകാത്ഭുതം...''

അവരുടെ പണസഞ്ചികൾക്ക് മുകളിലിരുന്ന് മാധവനുണ്ണി ചുറ്റും നോക്കി. അവിടെ കിഴക്കോട്ടൊഴുകുന്ന നദികളും, ഇടത്തോട്ട് തിരിയുന്ന ഘടികാരങ്ങളും...

കാലം പുറകോട്ട് പോവുകയാണ്.ക്രിസ്തുവിനേയും, ബുദ്ധനേയും, നബിയേയും പിന്നിട്ട് പുറകോട്ട്.....

അപ്പോഴും മാധവനുണ്ണി ചിരിച്ചു ചിരിച്ചുകൊണ്ടേയിരുന്നു......